⇨ പ്രളയം അവരുടെ ദുരിതങ്ങൾക്ക് മേൽ മറ്റൊരു അത്യാഹിതം കൂടി കൂട്ടിച്ചേർത്തു ⇨

**ജീവനും** ജീവനോപാധികളും കവർന്നെടുത്ത് കടന്നുപോയ പ്രളയത്തെ കേരളം പതിയെ മറന്നുതുടങ്ങിയിരിക്കുന്നു. വേനലെത്തിയപ്പോഴേക്കും വെള്ളം ഒഴുകിപ്പരന്നതിന്റെ ലക്ഷണങ്ങൾ പോലും എവിടെയും കാണാനില്ല. എന്നാൽ പ്രളയാനന്തര ജീവിതം അത്ര ശുഭകരമല്ലാത്ത അവസ്ഥയിൽ തന്നെ തുടരുകയാണ് മിക്ക പ്രളയബാധിത പ്രദേശങ്ങളിലും. വെള്ളപ്പൊക്കം തുടച്ചെടുത്തതെല്ലാം തിരിച്ചുപിടിക്കാനുള്ള തിടുക്കങ്ങൾ ഇപ്പോഴും അവസാനിച്ചിട്ടില്ല. ചില സ്ഥലങ്ങളിൽ പ്രളയം സൃഷ്ടിച്ച ആഘാതങ്ങൾ ദൂരവ്യാപകമായ ഒട്ടേറെ പ്രതിബന്ധങ്ങൾക്ക് വഴിയൊരുക്കിയിട്ടുമുണ്ട്. പ്രളയം രൂക്ഷമായി ബാധിച്ച പെരിയാറിന്റെ തീരത്തെ എലൂർ-എടയാർ വ്യവസായ മേഖലയിൽ ഇന്ന് അനുഭവപ്പെടുന്നത് അത്തരത്തിലുള്ള തിരിച്ചടികളാണ്. കേരളത്തിന്റെ വ്യവസായ സിരാകേന്ദ്രമായ ഈ രാസവ്യവസായ മേഖല വ്യവസായ മാലിന്യസംസ്കരണത്തിന്റെ പരിമിതികളും കമ്പനികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ലാഭതാത്പര്യങ്ങ

# പ്രളയം കലർത്തിയ രാസവിഷങ്ങൾ പെരിയാറിൽ മരണം വിതയ്ക്കുന്നു

കഴിഞ്ഞ പ്രളയ കാലത്ത് പെരിയാറിന്റെ തീരത്തുള്ള ഫാക്ടറികളിലൂടെ ഇരച്ചുകയറി ഇറങ്ങിയപ്പോയ പ്രളയജലം ഏലൂർ–എടയാർ മേഖലയിലാകെ രാസമാലിന്യങ്ങൾ പടർത്തിയിരിക്കുകയാണ്. രാസമാലിന്യങ്ങൾ കടലിലേക്ക് ഒഴുകിപ്പോയി എന്നതാണ് കമ്പനികളുടെ വാദമെങ്കിലും ഏലൂരിന് താഴെ പെരിയാറിന്റെ ഇരുകരകളിലുമുള്ള ഗ്രാമങ്ങളിലും വേമ്പനാട് കായലിലും ഇവ പടർന്നതായാണ് അനുഭവങ്ങൾ വ്യക്തമാക്കുന്നത്.

**അമൃത കെ. എസ്**

ളും കാരണം ലോകത്തിലെ തന്നെ ഏറ്റവും മലിനീകരിക്കപ്പെട്ട ഒരു പ്രദേശമായി മാറിയിട്ട് ഏറെ നാളുകളായി. പ്രളയം കൂടി കടന്നുപോയതോടെ ഈ പ്രദേശം അനുഭവിക്കുന്ന മലിനീകരണ പ്രശ്നം പതിന്മടങ്ങായി കൂടിയിരിക്കുന്നു എന്നതാണ് ജനങ്ങൾ ഇപ്പോൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രതിസന്ധി. പെരിയാറിന്റെ തീരത്തുള്ള ഫാക്ടറികളിലൂടെ ഇരച്ചുകയറി ഇറങ്ങിയപ്പോയ പ്രളയജലം ഏലൂർ-എടയാർ മേഖലയിലാകെ രാസമാലിന്യങ്ങൾ പടർത്തിയിരിക്കുന്നു. മാലിന്യങ്ങളെല്ലാം ഒഴുകി കടലിലേക്ക് പോയി എന്നതാണ് കമ്പനികളുടെ വാദമെങ്കിലും രാസമാലിന്യങ്ങൾ ഏലൂരിന് താഴെ പെരിയാറിന്റെ ഇരുകരകളിലുമുള്ള ഗ്രാമങ്ങളിലും വേമ്പനാട് കായലിലും പടർന്നതായാണ് തദ്ദേശീയ അനുഭവങ്ങൾ വ്യക്തമാക്കുന്നത്.

കേരളത്തിൽ പാരിസ്ഥിതിക അവബോധം ശക്തിപ്പെടുന്ന കാലം മുതൽ തന്നെ പെരിയാറിന്റെ തീരങ്ങളിലും രാസമലിനീകരണത്തെ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിരുന്നു. പുഴയും ജീവനും നിലനിർത്താൻ വേണ്ടി സമരരംഗത്തേക്ക് ഇറങ്ങിയ ഒരു ജനതയാണ് ഏലൂർ-എടയാർ വ്യവസായ മേഖലയിലുള്ളത്. പ്രളയം അവരുടെ ദുരിതങ്ങൾക്ക് മേൽ മറ്റൊരു അത്യാഹിതം കൂടി കൂട്ടിച്ചേർക്കുകയായിരുന്നു. എന്താണ് പ്രളയം ചെയ്തത്?

⇨ ഇരുകരകളിലും ഏഴര അടിമുതൽ 15 അടിവരെ വെള്ളമുയർന്നു ⇨



ഏലൂരിലെ ഫാക്ടറികൾക്കുള്ളിലൂടെ നിറഞ്ഞൊഴുകുന്ന പെരിയാർ

**പ്രളയമെത്തും മുമ്പ്**

പെരിയാറിന്റെ തീരങ്ങളിലേക്ക് കേരളത്തിലെ വൻ വ്യവസായശാലകൾ കേന്ദ്രീകരിച്ചതോടുകൂടിയാണ് പെരിയാറിന്റെ മരണവും തുടങ്ങുന്നത്. ഏലൂരിന്റെയും എടയാറിന്റെയും ഇരുകരകളിലുമായി ഇരുന്നൂറ്റി അമ്പതിലധികം വ്യവസായശാലകളാണ് പ്രവർത്തിക്കുന്നത്. അതിൽ 115 എണ്ണവും രാസാധിഷ്ഠിത വ്യവസായങ്ങളാണ്. ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ട ലോകത്തിലെ 35-ാമത്തെയും ഇന്ത്യയിലെ മൂന്നാമത്തെയും പ്രദേശമാണ് ഇവിടം. ഒരു പ്രദേശത്ത് ഇത്രയധികം വ്യവസായശാലകൾ പ്രവർത്തിക്കുമ്പോൾ അതിന്റെ പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങൾ സ്വാഭാവികമായും വളരെ കൂടുതലായിരിക്കും എന്നതാണ് ഇതിന് കാരണം. വ്യവസായ സംരംഭങ്ങളുടെ നിഷേധാത്മക സമീപനവും മലിനീകരണ നിയന്ത്രണ ബോർഡ് അടക്കമുള്ള സർക്കാർ സംവിധാനങ്ങളുടെ കെടുകാര്യസ്ഥതയുമാണ് സ്ഥിതി കൂടുതൽ വഷളാക്കുന്നത്. അതിരൂക്ഷമായ രാസമലിനീകരണം വർഷങ്ങളായി തുടർന്നിട്ടും സത്വര നടപടികൾ സ്വീകരിക്കാൻ കഴിയാതിരുന്ന സർക്കാരുകൾ പെരിയാറിനെ ആശ്രയിച്ച് കഴിയുന്ന ഒരു വലിയ ജനസമൂഹത്തിന്റെ ആരോഗ്യത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. എൻഡോസൾഫാനും ഡി.ഡി.റ്റിയും ഉൾപ്പെടെയുള്ള കീടനാശിനികളുടെയും ഇരുമ്പ്, ലെഡ്, സിങ്ക്, കോപ്പർ, കാഡ്മിയം എന്നീ ഘനലോഹങ്ങളുടെയും അധികരിച്ച സാന്നിദ്ധ്യം പെരിയാറിനെ വിഷനദിയായി മാറ്റിയിരിക്കുന്നു. കാത്സ്യം, സൾഫേറ്റ്, സൾഫൈഡ്, ഫ്ളൂറൈഡ്, അമോണിക് നൈട്രജൻ, ക്ലോറൈഡ് തുടങ്ങിയവയും പെരിയാറിൽ വളരെ കൂടിയ അളവിലാണുള്ളത്. കോളിഫോം ബാക്ടീരിയയുടെ അളവും കൂടുതലാണ്. മലിനീകരണം വർദ്ധിക്കുന്നതിനനുസരിച്ച് പുഴ ശോഷിച്ചുകൊണ്ടിരിക്കുകയാണ് എന്ന് നിരവധി ശാസ്ത്രീയപഠനങ്ങൾ വെളിവാക്കിയിട്ടുമുണ്ട്. 2009ൽ വനം പരിസ്ഥിതി മന്ത്രാലയവും ഡൽഹി ഐ.ഐ.ടിയും ചേർന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ 68 ഓളം വ്യവസായ മേഖലകളിൽ നടത്തിയ പഠനത്തിൽ കേരളത്തിലെ ഏലൂർ-എടയാർ വ്യവസായ മേഖല ഇന്ത്യയിലെ ഇരുപത്തിമൂന്നാമത്തെ ഗുരുതര മലിനീകരണപ്രദേശമായി പ്രഖ്യാപിച്ചത് ഇക്കാരണംകൊണ്ടാണ്. എത്ര അളവിൽ വിഷമാലിന്യങ്ങൾ ഒഴുക്കിയാലും അതിനെ നേർപ്പിക്കാനുള്ള ശേഷി മുൻകാലങ്ങളിൽ പെരിയാറിനുണ്ടായിരുന്നു. വിഷമാലിന്യങ്ങളുടെ വരവ് കൂടിയതോടെ പുഴ ഒഴുക്ക് നിലയ്ക്കുകയും നദീതടത്തിന്റെ ആവാസവ്യവസ്ഥയാകെ തകിടം മറിയുകയും ചെയ്തു. മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊന്തുന്നത് പതിവായി. പെരിയാറിന് ഒഴുക്കും ജലസമൃദ്ധിയും നഷ്ടമായത് പെരിയാർ ഒഴുകിയെത്തിയിരുന്ന വേമ്പനാട് കായലിനെയും സാരമായി ബാധിച്ചു. പെരിയാറിലെ ശുദ്ധജലം വന്ന് ചേർന്ന് കായൽ ജലത്തെ നേർപ്പിച്ച് സൃഷ്ടിക്കുന്ന സമശീതോഷ്ണ അവസ്ഥയിലാണ് മത്സ്യങ്ങൾ പ്രജനനം നടത്തുന്നത്. പെരിയാറിൽ വിഷം നിറഞ്ഞതോടെ വേമ്പനാട് കായലിലും മത്സ്യസമ്പത്ത് കുറഞ്ഞു. മത്സ്യത്തൊഴിലാളികൾ മറ്റു തൊഴിൽ മേഖലകൾ കണ്ടെത്തേണ്ട അവസ്ഥ വന്നു. രാസമാലിന്യങ്ങൾ പെരിയാറിന്റെ തീരത്ത് നിന്നും 40 കിലോമീറ്റർ പ്രദേശ

ത്തേക്ക് വരെ വ്യാപിച്ചതായി പഠനങ്ങൾ പറയുന്നു. പെരിയാറിലെയും സമീപപ്രദേശങ്ങളിലെയും കിണറുകളും ജലാശയങ്ങളും ഉപയോഗശൂന്യമായി. വെള്ളത്തിനു മാത്രമല്ല ഏലൂരിലെ അന്തരീക്ഷത്തിന്റെയും സ്ഥിതി ഇതുതന്നെയായിരുന്നു. അങ്ങേയറ്റം മലീമസമായ അളവിൽ ക്ലോറോഫോം, കാർബൺ ടെട്രാക്ലോറൈഡ്, ടുളുവിൻ, ഹെക്സാ ക്ലോറോ ബ്യൂട്ടഡൈൻ, ബെൻസീൻ, കാർബൺ ഡൈസൾഫൈഡ് തുടങ്ങിയവ അന്തരീക്ഷത്തിലുണ്ടെന്നും ഇത് ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നുവെന്നും പഠനങ്ങൾ തെളിയിച്ചു. സ്ഥിതിഗതികൾ ഇത്ര രൂക്ഷമായിരിക്കെയാണ് ഇതിന്റെ ആഘാതം വർദ്ധിപ്പിക്കുന്ന തരത്തിൽ പ്രളയം കടന്നുപോയത്.

**പ്രളയം എത്തിയപ്പോൾ**

പ്രളയം ആലുവയ്ക്ക് താഴെയുള്ള പെരിയാറിന്റെ കരകളിൽ അനുഭവപ്പെട്ടു തുടങ്ങിയത് ആഗസ്റ്റ് 14ന് ആണ്. ആഗ്സറ്റ് 15 ആയപ്പോഴേക്കും പ്രളയം ഒരു വലിയ ദുരന്തമായി മാറിത്തുടങ്ങി. ഇരുകരകളിലും ഏഴര അടിമുതൽ 15 അടിവരെ വെള്ളമുയർന്നു. ഏലൂർ ഡിപ്പോ, മേത്താനം, കുഴിക, എടയാർ പ്രദേശങ്ങൾ ദിവസങ്ങളോളം വെള്ളത്തിനടിയിലായിരുന്നു. ആദ്യം ഏലൂരിലെ ഉയർന്ന പ്രദേശത്തുള്ള സ്കൂളുകളിലും വായനശാലകളിലും ക്യാമ്പുകൾ തുടങ്ങിയെങ്കിലും അവിടേക്കും വെള്ളമെത്തിയതോടെ കളമശ്ശേരി, കാക്കനാട്, രാജഗിരി ക്യാമ്പുകളിലേക്ക് ആളുകളെ മാറ്റേണ്ട സ്ഥിതിയുണ്ടായി. മത്സ്യത്തൊഴിലാളികളും ആർമി ഉദ്യോഗസ്ഥരും നാട്ടുകാരും രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയതുകൊണ്ട് മാത്രമാണ് ജീവഹാനി ഉണ്ടാകാതിരുന്നത്. എന്നാൽ പ്രളയജലം ഇറങ്ങിപ്പോയ ശേഷം ഏലൂരുകാരെ കാത്തിരുന്നത് മറ്റൊരു ദുരന്തമായിരുന്നു.

**പ്രളയാനന്തര വിഷപ്രളയം**

രാസവ്യവസായ ശാലകളിലേക്ക് പെരിയാർ പരന്നൊഴുകിയതോടെ ഏലൂർ-എടയാർ മേഖലയിൽ സംഭവിച്ചത് ഒരു വിഷമയമായ പ്രളയമായിരുന്നു (toxic flooding). പെരിയാറിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന എല്ലാ വ്യവസായശാലകളിലേക്കും പ്രളയസമയത്ത് വലിയതോതിൽ വെള്ളം കയറിയിട്ടുണ്ട്. വ്യവസായശാലകളിൽ കെട്ടിക്കിടന്നിരുന്ന അപകടകരമായ മാലിന്യങ്ങൾ പെരിയാറിലേക്കും പരിസരങ്ങളിലേക്കും ഒഴുകിപ്പരന്നു. അതീവ പ്രഹരശേഷിയുള്ള രാസമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന എഫ്.എ.സി.ടി, ടി.സി.സി, ഐ.ആർ.ഇ, മെർക്കം തുടങ്ങിയ കമ്പനികളിൽ കെട്ടിക്കിടന്ന രാസ-ആണവ മാലിന്യങ്ങൾ ഇരച്ചുകയറിയ പ്രളയജലത്തിനൊപ്പം പെരിയാറിലേക്ക് എത്തുകയും വ്യവസായമേഖലയ്ക്ക് താഴെയുള്ള ജനവാസമേഖലകളിലേക്ക് പരക്കുകയും ചെയ്തിട്ടുണ്ട്. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിൽ (ടി.സി.സി) നിന്ന് ഹൈഡ്രോക്ലോറിക് ആസിഡ് അടക്കമുള്ള രാസലായനികളും എഫ്.എ.സി.ടിയിൽ നിന്ന് ടൺ കണക്കിന് ആസിഡും പ്രളയജലത്തിൽ കലർന്നൊഴുകി. ആണവവികിരണ മാലിന്യങ്ങൾ പുറന്തള്ളുന്ന ഇന്ത്യൻ റെയർ എർത്ത്സിൽ നിന്നും തോറിയം, മെസത്തോറിയം എന്നീ മാലിന്യങ്ങൾ പുറന്തള്ളപ്പെട്ടു. കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടെയ്ൽസ് ലിമിറ്റഡിൽ(സി.എം.ആർ.എൽ) നിന്നും ഫെറസ് ക്ലോറൈഡും ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിൽ (എച്ച്.ഐ.എൽ) നിന്നും  നിന്നും എൻഡോസൾഫാൻ, ഡി.ഡി.എച്ച്, ബി.എച്ച്.സി തുടങ്ങിയ അതീവ മാരകശേഷിയുള്ള കീടനാശിനികളും ജലത്തിൽ കലർന്നു. എട്ടര അടിയോളം ഉയരത്തിൽ വെള്ളം ഒഴുകിയെത്തിയതോടെ പല വ്യവസായശാലകളും തങ്ങളുടെ മാലിന്യസംഭരണികൾ തുറന്നുവിടുന്ന അവസ്ഥയും ഏലൂരിലുണ്ടായി. ഈ മാലിന്യങ്ങളാണ് വീടുകളിലേക്കും കിണറുകളിലേക്കും തോടുകളിലേക്കും കായലിലേക്കുമെല്ലാം പ്രളയജലത്തിനൊപ്പം ഇരച്ചുകയറിയത്. 111 ഓളം രാസവിഷ സംയുക്തങ്ങൾ അടിഞ്ഞികൂടിയിട്ടുള്ളതായി കണ്ടെത്തിയ കുഴിക്കണ്ടം തോടിലേക്കും പ്രളയജലം ഇരച്ചുകയറി പരന്നൊഴുകിയിരുന്നു. എട്ട് ഇഞ്ച് കനത്തിലാണ് മിക്ക വീടുകളിലും ചെളി അടിഞ്ഞുകൂടിയത്. മറ്റു സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ ചെളിയെ അപേക്ഷിച്ച് ഏലൂരിലേതിന് കറുത്ത നിറവും കനത്ത ദുർഗന്ധവുമാ

എട്ട് ഇഞ്ച് കനത്തിലാണ് മിക്ക വീടുകളിലും ചെളി അടിഞ്ഞുകൂടിയത്. മറ്റു സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ ചെളിയെ അപേക്ഷിച്ച് ഏലൂരിലേതിന് കറുത്ത നിറവും കനത്ത ദുർഗന്ധവുമായിരുന്നു എന്ന് തദ്ദേശീയർ പറയുന്നു. ശുചീകരണ പ്രവർത്തനങ്ങൾക്കിടയിൽ പ്രദേശവാസികൾ ധരിച്ചിരുന്ന വസ്ത്രങ്ങളെല്ലാം ഒരൊറ്റ ദിവസം കൊണ്ട് നിറം മങ്ങി.

യിരുന്നു എന്ന് തദ്ദേശീയർ പറയുന്നു. ശുചീകരണ പ്രവർത്തനങ്ങൾക്കിടയിൽ പ്രദേശവാസികൾ ധരിച്ചിരുന്ന വസ്ത്രങ്ങളെല്ലാം ഒരൊറ്റ ദിവസം കൊണ്ട് നിറം മങ്ങി. വൈകാതെ അത് തൊട്ടാൽ പൊടിയുന്ന അവസ്ഥയിലായി. അതീവ അസഡിക് സ്വഭാവമുള്ള രാസമാലിന്യങ്ങൾ വെള്ളത്തിൽ കലർന്നതിനാൽ പല വീടുകളിലെയും ഭിത്തികളെല്ലാം ഇന്നും പൊടിഞ്ഞുവീഴുകയാണ്. നിരവധി തവണ പെയിന്റടിച്ച് വൃത്തിയാക്കാൻ ശ്രമിച്ചിട്ടും ഏലൂരുകാർ പരാജയപ്പെടുകയാണ്. ലോഹംകൊണ്ട് നിർമ്മിച്ച പാത്രങ്ങളും കരകൗശല വസ്തുക്കളും മറ്റു ഗൃഹോപകരണങ്ങളുമെല്ലാം അസിഡിക് റിയാക്ഷൻ സംഭവിച്ച് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലായി. കേരള ദുരന്ത നിവാരണ അതോറിറ്റി തന്നെ ജനങ്ങളോട് അലുമിനിയം- മൺപാത്രങ്ങൾ ഉപയോഗിക്കരുത് എന്ന് മുന്നറിയിപ്പ് നൽകുകയുണ്ടായി. പ്രളയത്തിന് ശേഷമുണ്ടായ ഇത്തരം പ്രതിഫലനങ്ങൾ ഏലൂർ-എടയാർ നിവാസികളെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്.

**ജൈവസമ്പത്തിന്റെ നാശം**

പ്രത്യക്ഷത്തിൽ അത്ര പ്രകടമല്ലാത്ത നിരവധി പ്രത്യാഘാതങ്ങളും വിഷമയമായ പ്രളയം ഏലൂരിൽ സൃഷ്ടിച്ചിട്ടുണ്ട്. പ്രളയജലം ഒഴുകി പരന്നിടത്തെല്ലാം സൂക്ഷ്മജീവികൾ ഇല്ലാതായിട്ടുള്ളതായാണ് പ്രാഥമിക വിലയിരുത്തൽ. ഐ.ആർ.ഇയിൽ നിന്നും ഒഴുകിപ്പരന്ന ആണവ മാലിന്യങ്ങളിൽ നിന്നുള്ള വികിരണങ്ങൾ എന്തുതരം പ്രതിഫലനമാണ് സൃഷ്ടിക്കുക എന്ന് തദ്ദേശീയർക്ക് പോലും അറിയില്ല. റേഡിയോ ആക്ടീവ് വസ്തുക്കൾ നാം കഴിക്കുന്ന ഭക്ഷ്യവസ്തുക്കളിലൂടെ ശരീരത്തിലെത്താനുള്ള സാധ്യത പോലും തള്ളിക്കളയാനാവില്ല. ഹ്രസ്വകാലയളവിൽ തിരിച്ചറിയാൻ കഴിയാത്ത തരത്തിലാണ് ഇത്തരം മാലിന്യങ്ങൾ ഉണ്ടാവുക എന്നതാണ് ദയനീയാവസ്ഥ. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഏറെ നാളുകൾക്ക് ശേഷമാകും പ്രകടമാവുക.

വിഷമയമായ പ്രളയത്തെക്കുറിച്ച് പെരിയാർ മലിനീകരണ വിരുദ്ധ സമിതി പ്രവർത്തകൻ പുരുഷൻ പറയുന്നതിങ്ങനെ. "പ്രളയജലത്തോടൊപ്പം വീടുകളിലേക്ക് ഒഴുകിവന്ന ഡി.ഡി.റ്റിയും എൻഡോസൾഫാനും അമിതമായി ശ്വസിക്കുന്നതുമൂലം ജനിതക വൈകല്യങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. ഭാവിതലമുറയുടെ നിലനിൽപ്പിനെ തന്നെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുകയാണ് പ്രളയത്തോടെ സംഭവിച്ചത്. ഏലൂർ-എടയാർ മേഖല ഒട്ടും ജീവസുരക്ഷ ഇല്ലാത്ത പ്രദേശമാണ്. വായുവിലും വെള്ളത്തിലും ഡി.ഡി.റ്റിയുടെ സാന്നിദ്ധ്യം കൂടുതലായതുകൊണ്ട് തന്നെ ഇവിടുത്തെ ഭൂഗർഭജലവും വർഷങ്ങളായി ഉപയോഗശൂന്യമാണ്.

പ്രളയം സംഭവിച്ചതിന് ശേഷം രാസമാലിന്യങ്ങൾ ഒഴുകിപ്പരന്നതിനെക്കുറിച്ച് വിലയിരുത്താനും വിശകലനം ചെയ്യാനുമായി യാതൊരു പഠനങ്ങളും നടന്നില്ല എന്നതാണ് കഷ്ടം. ഗുരുതര മലിനീകരണ പ്രശ്നം അനുഭവിക്കുന്ന പ്രദേശമാണെന്ന് സർക്കാർ തന്നെ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലമായിട്ടും ഇത്തരത്തിലുള്ള ഒരു പരിശോധന നടത്താത്ത് നിരുത്തരവാദപരമാണ്. ആധുനിക സമൂഹത്തിലെ ഏറ്റവും മാരകമായിട്ടുള്ള ആണവ വികിരണ മാലിന്യങ്ങൾ വരെ കൈകാര്യം ചെയ്യപ്പെടുന്ന പ്രദേശമാണിത്. ഇത്തരത്തിലുള്ള ഒരു വ്യാവസായിക മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രകൃതി ദുരന്തം ഉണ്ടാവുകയാണെങ്കിൽ അപകടകരമായ നിരവധി മാലിന്യങ്ങൾ പുറത്തേക്ക് പ്രവഹിക്കുവാൻ ഇടയാകുമെന്നും അത്തരത്തിൽ മാലിന്യങ്ങൾ പരക്കുന്നത് തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്യേണ്ടതുണ്ടെന്നും ഭരണസംവിധാനങ്ങൾ മനസ്സിലാക്കണം. അതിനായി പ്രളയാനന്തരം അടിഞ്ഞ ഊറൽമണ്ണോ കിണറുകളിലെയോ തോടുകളിലെയോ അവസാദമോ പരിശോധിക്കാമായിരുന്നു. അത്തരം പരിശോധനകൾക്കു ശേഷം മാത്രമേ ഏലൂരിലെയും എടയാറിലെയും പ്രളയദുരന്തത്തെക്കുറിച്ച് ഒരു നിഗമനത്തിലെത്താൻ നമുക്ക് കഴിയൂ. പ്രളയം ദിനങ്ങൾ കഴിഞ്ഞ് വെള്ളമിറങ്ങിയതോടെ ആളുകൾ പ്രത്യേക മുൻകരുതലുകളൊന്നുമില്ലാതെ സ്വന്തം വീടുകളിലേക്ക് ഓടിയെത്തുകയായിരുന്നു. മറ്റൊന്നും നോക്കാതെ വീട് വൃത്തിയാക്കാനുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ അവർ മുഴുകി. ശുചീകരണ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടത്തിൽ തന്നെ ആളുകളുടെ ശരീരത്തിലെ തൊലി വിണ്ടുകീറാനും പൊള്ളലേൽക്കാനും ഇടവന്നു. തൊലി അടർന്നുപോകുന്നതും നിറം മങ്ങുന്നതുമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായി. ഇതെല്ലാം ആസിഡ് വാഷ് സംഭവിച്ചു എന്നതിനുള്ള തെളിവായി കാണാം. അതിഭീകരമായ ദുരന്തത്തെ അതിജീവിച്ച ഒരു ജനത വീട്ടിലേക്ക് മടങ്ങിയെത്തുമ്പോൾ അത്തരം കാര്യങ്ങൾ ശ്രദ്ധക്കാതെ പോകുന്നത് സ്വാഭാവികമാണ്. 2003 ൽ ഗ്രീൻ പീസ് എന്ന അന്താരാഷ്ട്ര സംഘടന നടത്തിയ സമഗ്രമായ പഠനത്തിൽ മലിനീകരണം കാരണം ഈ പ്രദേശത്ത് രോഗങ്ങൾ



ഏലൂരിലെ ഫാക്ടറികൾക്കുള്ളിൽ പ്രളയജലം കെട്ടിക്കിടക്കുന്നു

കൂടുന്നതായി കണ്ടെത്തിയിട്ടുണ്ട്. വരുകാലങ്ങളിൽ അത്തരം രോഗങ്ങൾ വർദ്ധിക്കാനുള്ള സാധ്യതയെ കുറിച്ചും പഠനത്തിൽ പ്രതിപാദിക്കുന്നുണ്ട്. പ്രളയത്തെ തുടർന്ന് വീടുകളിലും പരിസരങ്ങളിലും ജലസ്രോതസ്സുകളിലുമെല്ലാം അടിഞ്ഞുകൂടിയിട്ടുള്ള രാസമാലിന്യങ്ങൾ ഉറപ്പായും സസ്യജന്തുജാലങ്ങളിലും എത്തിച്ചേരും. സൂക്ഷ്മജീവികൾ, അവയെ തിന്നുന്ന കോഴികൾ, കോഴികളെയും താറാവിനെയും തിന്നുന്ന മനുഷ്യർ എന്നിങ്ങനെ അത് കൈമാറ്റം ചെയ്യപ്പെടും. ഗവേഷകനായ ജി.ഡി മാർട്ടിൻ നടത്തിയ അന്വേഷണത്തിൽ കാഡ്മിയം എന്ന മാരകമായ ഘനലോഹം ഏറ്റവും കൂടുതൽ അടങ്ങിയിട്ടുള്ള ലോകത്തിലെ തന്നെ പ്രദേശങ്ങളിലൊന്നാണ് കൊച്ചി കായൽ എന്നു പറയുന്നുണ്ട്. കായലിലേക്ക് കാഡ്മിയം ഒഴുകിവരുന്നത് ഏലൂർ-എടയാർ വ്യവസായ മേഖലയിൽ നിന്നുമാണ്. കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമെല്ലാം മത്സ്യം ലഭിക്കുന്നത് കൊച്ചിക്കായലിൽ നിന്നും അറബി കടലിൽ നിന്നുമാണ്. ഇവിടെ നിന്ന് ലഭിക്കുന്ന എല്ലാ മത്സ്യങ്ങളിലും അപകടകരമായ അളവിൽ രാസമാലിന്യങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവ ഭക്ഷിക്കുന്നത് ദീർഘകാലയളവിൽ വിവിധ തരത്തിലുള്ള മാരകമായ രോഗങ്ങൾക്ക് കാരണമാകും. ഇക്കാര്യം വിലയിരുത്തുന്നതിനായി ഭക്ഷ്യശൃംഖലയുമായി ബന്ധപ്പെട്ട് എന്ത് പഠനമാണ് സർക്കാർ നടത്തിയിട്ടുള്ളത്? രണ്ടാമത്തെ പ്രശ്നം ഏലൂർ-എടയാർ മേഖലയിൽ സംഭവിക്കുന്ന ജൈവവൈവിധ്യ ശോഷണത്തെ സംബന്ധിച്ച്, പ്രത്യേകിച്ചും പ്രളയാനന്തരം ഇവയിലുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് ഒരുതരത്തിലുള്ള അന്വേഷണത്തിനും സർക്കാർ തയ്യാറാവുന്നില്ല എന്നതാണ്. ഒഴുകിപ്പരക്കാൻ ഇടയുള്ള രാസവസ്തുക്കളുടെ അളവിനെ കുറിച്ച് യാതൊരു വിവരവും സർക്കാരിന്റെ കൈവശമില്ല എന്നതാണ് ഞങ്ങൾ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഇത്തരം സംശയങ്ങൾ ദൂരീകരിക്കുന്ന ഒരു സമഗ്രപഠനത്തിന്റെ അഭാവമാണ് ഇപ്പോൾ ഏലൂരിനുള്ളത്. വ്യവസായ മലിനീകരണത്തിന്റെ നിരന്തരമായ അനന്തരഫലങ്ങൾ അനുഭവിക്കുന്ന ഒരു പ്രദേശത്തെയും അവിടുത്തെ ജനതയെയും പ്രളയാനന്തരം പൂർണമായി അവഗണിക്കുകയെന്നത് അത്യന്തം അപകടകരമാണ്. പെരിയാറിന്റെ കരയിലുള്ള കടുങ്ങല്ലൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വ്യവസായങ്ങൾ മിക്കതും അവരുടെ രാസമാലിന്യ സംഭരണികൾ പെരിയാറിനോട് ചേർന്നാണ് നിർമ്മിച്ചിട്ടുള്ളത്. പെരിയാർ കരകവിഞ്ഞതോടെ ഈ സംഭരണികളുടെ മുകളിലൂടെ പ്രളയജലം ഒഴുകി പരന്നിട്ടുണ്ട്. അതിനകത്തുള്ള ടൺ കണക്കിന് മാലിന്യങ്ങൾ പെരിയാറിലേക്കും ഒഴുകിയെത്തിയിട്ടുണ്ട്. പക്ഷെ ഇതൊന്നും ഔദ്യോഗിക ഏജൻസികൾ എന്ന നിലയിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സംസ്ഥാന സർക്കാരിന്റെ മറ്റുവകുപ്പുകളോ പഠനവിധേയമാക്കിട്ടില്ല. ഇത്തരത്തിൽ പ്രളയത്താൽ മലിനീകരണം സംഭവിച്ചേക്കാം എന്ന സാധ്യതയെപ്പോലും അവർ പരിഗണിക്കുന്നതേയില്ല. മലിനീകരണം നടന്നിട്ടുണ്ട് എന്ന് ഉറപ്പുള്ളതുകൊണ്ടാണോ അവർ മൗനം പാലിക്കുന്നത് എന്നുവരെ സംശയിക്കേണ്ടതുണ്ട്. അതല്ലെങ്കിൽ സർക്കാറും കമ്പനികളുമായുള്ള അവിശുദ്ധ കൂട്ടുക്കെട്ടുകൾ പുറത്താകുമോ എന്ന ഭയമാണോ അവരെ പിന്തിരിപ്പിക്കുന്നത് എ

*⇨ വ്യത്യസ്തമായ ഒരു ദുരന്ത സാഹചര്യത്തിലൂടെയാണ് ഏലൂർ-എടയാർ വ്യവസായ മേഖലയിലെ ജനങ്ങൾ കടന്നുപോകുന്നത് ⇨*

ന്നും സംശയിക്കാം. അപകടകരമായ മാലിന്യങ്ങൾ ഇത്തരത്തിൽ സംഭരണികൾ കെട്ടി സൂക്ഷിക്കാൻ അനുമതിയില്ല എന്ന വസ്തുതയും ഇതോടെ പുറത്താകുമെന്ന പേടിയും കമ്പനികൾക്കുണ്ട്. നദീതടങ്ങളോട് ചേർന്ന് 50 മീറ്റർ ചുറ്റളവിൽ നിർമ്മാണ ജോലികളോന്നും പാടില്ല എന്നാണ് നദീസംരക്ഷണ നിയമങ്ങൾ പറയുന്നത്. അത്തരം പരിസ്ഥിതി സംരക്ഷണ നിയമങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ടാണ് ഏലൂരിലെയും എടയാറിലെയും കമ്പനികൾ കാലാകാലങ്ങളായി പ്രവർത്തിക്കുന്നത്. ഇതിനെതിരെയെല്ലാം നടപടിയെടുക്കേണ്ട മലിനീകരണ നിയന്ത്രണ ബോർഡ് അങ്ങേയറ്റം അഴിമതിയും അനീതിയുമാണ് നടത്തുന്നതെന്ന് പ്രളയത്തിന് മുന്നേ ഞങ്ങൾക്ക് ബോധ്യപ്പെട്ടതാണ്. പ്രളയാനന്തരവും പെരിയാറിൽ നിരന്തരമായി നിറം മാറ്റമുണ്ടാകുന്നുണ്ട്. പാതാളം എന്ന സ്ഥലത്തിന് താഴെ പെരിയാറിലൂടെ കറുത്തവെള്ളം ഒഴുകുന്നതിനുള്ള കാരണം ചന്തയിലെ മാലിന്യങ്ങളാണെന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് ഇപ്പോഴും അവകാശപ്പെടുന്നത്. ചന്തയിൽ നിന്നുള്ള മാലിന്യങ്ങളാണ് കാരണമെങ്കിൽ പെരിയാറിന്റെ മേൽത്തടം മുഴുവനും കറുത്തിരിക്കണം.

ഒരു ജനതയും ജൈവസമൂഹവും കാലങ്ങളായി രോഗബാധിതരായിക്കൊണ്ടിരിക്കുമ്പോഴാണ് സർക്കാർ സംവിധാനങ്ങൾ ഇത്തരം അസത്യങ്ങൾ പറഞ്ഞ് പിടിച്ചുനിൽക്കുന്നത് എന്നോർക്കണം. തീർച്ചയായും പ്രളയാനന്തരം പെരിയാറിൽ ഉണ്ടായിട്ടുള്ള രാസമാലിന്യങ്ങളുടെ വ്യാപനത്തെക്കുറിച്ച് ഒരു പഠനം അടിയന്തിരമായി നടത്തേണ്ടതുണ്ട് എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.” വ്യാവസായിക മേഖലയിൽ സംഭവിച്ച പ്രളയത്തെ മറ്റ് മേഖലകളിലുണ്ടായ ദുരന്തത്തിൽ നിന്നും വ്യത്യസ്തമായി തന്നെ കാണണം എന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണ് പെരിയാർ മലിനീകരണ വിരുദ്ധ സമിതി പ്രവർത്തകനായ പുരുഷൻ ഏലൂർ.

**പ്രളയാനന്തര ശുചീകരണം**

ഒരു വ്യാവസായിക മേഖലയിൽ പ്രളയാനന്തരം ശുചീകരണം എങ്ങനെയാകണം എന്നതിനെക്കുറിച്ചും ദുരന്ത നിവാരണ അതോറിറ്റിക്ക് പോലും ഒരു വ്യക്തതയുമില്ല. അലുമിനിയം- മൺപാത്രങ്ങൾ ഉപയോഗിക്കരുത് എന്ന മുന്നറിയിപ്പ് നൽകുക മാത്രമാണ് അവർ ചെയ്തിട്ടുള്ളത്. ഈ മുന്നറിയിപ്പ് തദ്ദേശീയരിൽ സൃഷ്ടിച്ചിരിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നത് ഒരു നടപടിയും ആരും സ്വീകരിക്കാത്തതിൽ ജനങ്ങൾ പ്രതിഷേധത്തിലാണ്. പുഴത്തീരത്തോട് ചേർന്ന് രാസമാലിന്യങ്ങൾ നിയമവിരുദ്ധമായി കെട്ടിനിർത്തിയ കമ്പനികൾക്ക് ഈ ദുരന്തത്തിലുള്ള പങ്ക് തുറന്നുകാണിക്കേണ്ടതുണ്ടെന്നും കമ്പനികൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും നഷ്ടപരിഹാരം ഈടാക്കുകയും ചെയ്യേണ്ടതുണ്ടെന്നും തദ്ദേശീയർ പറയുന്നു. കേരളത്തിലെ മറ്റ് പ്രളയബാധിത പ്രദേശങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു ദുരന്ത സാഹചര്യത്തിലൂടെയാണ് ഏലൂർ-എടയാർ വ്യവസായ മേഖലയിലെ ജനങ്ങൾ കടന്നുപോകുന്നത്. പെരിയാറിലേക്ക് ഒഴുകിയിറങ്ങിയ രാസമാലിന്യങ്ങൾ വേമ്പനാട് കായൽ എന്ന വലിയ ജൈവസമൂഹത്തെയും അതിനെ ആശ്രയിക്കുന്ന മനുഷ്യരെയും കൂടിയാണ് ബാധിക്കാൻ പോകുന്നതെന്ന സാഹചര്യം പരിഗണിച്ചെങ്കിലും ഇക്കാര്യത്തിൽ ഒരു അടിയന്തിര നടപടി സർക്കാർ കൈക്കൊള്ളുമെന്ന പ്രതീക്ഷയിലാണ് പെരിയാറിന്റെ താഴ്ത്തടങ്ങളിലെ ജനങ്ങൾ.■


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | |
|---|---|
| 1. Place of Publication | : Thrissur |
| 2. Periodicity of the Publication | : Monthly |
| 3. Printer's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

1.03.2019